# വേർപാട്

അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം



# വേർപാട്

അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം

വാല്യം 2 | ലക്കം-1 | മെയ് 2011



## എഡിറ്റോറിയൽ ബോർഡ്

*ചീഫ് എഡിറ്റർ*

ഡോ. ജോൺസൺ സി. ഫിലിപ്പ്

*മാനേജിംഗ് എഡിറ്റർ*

ഡോ. സനീഷ് ചെറിയാൻ

*ഡിസൈൻ & ലേ ഔട്ട്*

ലോഗോസ് മീഡിയ


## ഉള്ളടക്കം


1. പൂർവ്വകാല സ്മരണകൾ
   ഇ.പി. വറുഗീസ്
2. ജോതിഷവും വിശ്വാസികളും
   ഡോ. സനീഷ് ചെറിയാൻ
3. പെരുമാറ്റ ചട്ടങ്ങൾ
   ഡോ. ജോൺസൺ സി. ഫിലിപ്പ്
4. കർത്തൃമേശയും തിരുവത്താഴവും
   ഡോ. ജോർജ്ജ് പി. കോശി



Email- editor.verpadu@gmail.com
Website: http://freeebooks.itz4u.com


*എഡിറ്റോറിയൽ*

## വേർപാടു സഭകൾ സവിശേഷതകൾ ഏറെയുള്ളത്

വേർപാട് അഥവാ ബ്രദറൺ എന്ന പേരിൽ അറിയപ്പെടുന്ന ക്രിസ്തീയ സഭാ വിഭാഗം സവിശേഷതകൾ ഏറെയുള്ളതാണ്. നിസ്തുലമായ ഈ സവിശേഷതകൾ പ്രസ്തുത വിഭാഗത്തെ കേരളക്കരയിൽ ഒരു നൂറ്റാണ്ടിലേറെയായി നിലനിർത്തി പോരുന്നു. ആ നിസ്തുല്യമായ സവിശേഷതകൾ എന്ത് എന്ന് വേർപാടുകാരും മറ്റുള്ളവരും അറിഞ്ഞിരിക്കണം.

ക്രിസ്തീയ സഭയെ ഉപദേശപരമായ അരാചകത്വത്തിലേക്കും അന്ധകാരത്തിലേക്കും വലിച്ചിഴച്ച കോൺസ്റ്റന്റയിൻ എന്ന ഭരണാധികാരിയിലാണ് ആ കഥ ആരംഭിക്കുന്നത്. ബൈബിളിനെ രാഷ്ട്രീയവൽക്കരിച്ച അദ്ദേഹത്തിന്റെ പ്രവർത്തനവും തുടർന്നു റോമൻ കത്തോലിക്കാ സഭയുടെ ഉയർച്ചയും അടിസ്ഥാന വേദപുസ്തക ഉപദേശ വ്യാപനത്തെ തടസ്സപ്പെടുത്തി. മതമേലധ്യക്ഷന്മാർക്കു മാത്രമായി ബൈബിൾ ഒതുക്കപ്പെട്ടു. മാർട്ടിൻ ലൂഥറിന്റെ മാനസാന്തരകാലം വരെ ആ സ്ഥിതി തുടർന്നു.

മാർട്ടിൻ ലൂഥറിൽ ആരംഭിച്ച നവീകരണ പ്രസ്ഥാനത്തിന്റെ വ്യാപനത്തോടെ സാധാരണക്കാർക്കും ബൈബിൾ കാണുവാനും പഠിക്കുവാനുമുള്ള സ്വാതന്ത്ര്യം ലഭിച്ചു. മാർട്ടിൻ ലൂഥർ, ജോൺ കാൽവിൻ തുടങ്ങിയ നവീകരണ കർത്താക്കൾ കത്തോലിക്കാ സഭയിൽ നിന്നുള്ളവരായിരുന്നതുകൊണ്ട് കത്തോലിക്കരുടേതായ പല തെറ്റായ പഠിപ്പിക്കലും ആചാരങ്ങളും അവർ പിന്തുടർന്നിരുന്നു. ആകയാൽ ബൈബിളിന്റെ നിസ്തുല്യ ഉപദേശസ്ഥാപനത്തിന് നവീകരണ പ്രസ്ഥാനത്തിൽ നിന്നുതന്നെ ഒരു നവീകരണം ആവശ്യമായിരുന്നു. ആ നിലയിൽ ദൈവാത്മാവ് നടത്തിയവരാലാരംഭിച്ച പ്രസ്ഥാനമാണ് ബ്രദറൺ അഥവാ വേർപാടു പ്രസ്ഥാനം.

ശരിയായ ഉപദേശം, ജീവിതവിശുദ്ധി, എന്നിവയെ വേർപാടു പ്രസ്ഥാനം മുറുകെ പിടിച്ചു. സഭയിൽ കടന്നുവരുന്ന ദുരുപദേശങ്ങളെ നഖശിഖാന്തം എതിർത്തു തോൽപ്പിച്ച ഉപദേഷ്ടാക്കന്മാർ നമുക്കുണ്ട്. ജീവിതവിശുദ്ധിക്ക് കോട്ടം വരുത്തിയവരെ അച്ചടക്ക നടപടിയിലൂടെ യഥാസ്ഥാനത്തിലേക്കു നയിച്ചിട്ടുണ്ടെന്നതും ബ്രദറൺ സഭയുടെ സവിശേഷതയാണ്. അടിസ്ഥാന ഉപദേശസത്യങ്ങൾക്കും വേർപാടിനും വേണ്ടി നിലകൊള്ളുന്നതും നിമിത്തം വേർപാടു സഭകൾ സവിശേഷമാണ്.

**ഡോ. ജോൺസൺ സി. ഫിലിപ്പ്**

# പൂർവ്വകാല സ്മരണകൾ

ഇ. പി. വറുഗീസ്

വേർപാടു സത്യങ്ങൾക്കും തിരുവചന ഉപദേശങ്ങൾക്കും വേണ്ടി ജീവാവസാനം വരെ ഉറച്ചുനിന്ന വേർപാടു പിതാക്കന്മാരിൽ ഒരാളാണ് കർത്തൃദാസൻ ഇ.പി. വറുഗീസ്. തന്റെ ജീവിതത്തിന്റെ ഏടുകളിൽ നിന്നും താൻ ഓർമ്മിച്ചെടുത്തു വരും തലമുറകൾക്കായി അവതരിപ്പിച്ച ഓർമ്മക്കുറിപ്പുകൾ ഇന്നത്തെ വേർപാടു വിശ്വാസികൾക്കും പ്രയോജനപ്പെടും എന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. ദൈവത്തിന്റെ നടത്തിപ്പും ദൈവത്തിനുവേണ്ടിയുള്ള നിൽപും നമുക്ക് ഇവിടെ ദർശിക്കാം. തുടർന്നു വായിച്ചാലും

ദൈവദാസന്മാരുടെ അനുകരണീയങ്ങളായ അപദാനങ്ങളെന്ന പോലെ തന്നെ വ്യസനകരങ്ങളായ വീഴ്ചകളും തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ ഏതു ഇനത്തിൽപെട്ട കാര്യങ്ങളാണ് താരതമ്യേന നമുക്ക് അധികം ഉപകരിക്കുന്നതെന്ന് തീർത്തു പറയുവാൻ പ്രയാസം. 1 കൊരിന്ത്യർ 10-ാം അദ്ധ്യായത്തിൽ, നമ്മുടെ ബുദ്ധ്യുപദേശത്തിനായി എടുത്തു പറഞ്ഞിരിക്കുന്ന കാര്യങ്ങൾ യിസ്രായേലിന്റെ വ്യസനകരമായ വീഴ്ചകളാണ്. മറ്റു പല വേദഭാഗങ്ങളിലും ഈ വിധത്തിലുള്ള കാര്യങ്ങൾ ആവർത്തിച്ചിരിക്കുന്നു. ദൈവഹൃദയപ്രകാരമുള്ള ഒരാളായിരുന്നുവല്ലോ ദാവീദ്. നമുക്ക് അനുകരിക്കുവാൻ അർഹമായ അനവധി കാര്യങ്ങൾ ദാവീദിനെക്കുറിച്ച് തിരുവെഴുത്തുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവന്റെ വീഴ്ചകൾ നമ്മെ ഞെട്ടിപ്പിക്കുകയും ഇരുത്തി ചിന്തിപ്പിക്കുകയും ചെയ്യാറുണ്ടെന്ന വസ്തുത വിസ്മരിക്കാവുന്നതല്ല. എന്റെയും മറ്റു പലരുടെയും വീഴ്ചകൾ ഇന്നുള്ളവർക്കു മുന്നറിയിപ്പ് നൽകത്തക്കവിധം സന്ദർഭോചിതമായി ചൂണ്ടിക്കാണിക്കണമെന്നുള്ളത് ഈ സ്മരണകളുടെ മുഖ്യ ഉദ്ദേശമാണ്.

ഈ വരികൾ വായിക്കുന്നവരിൽ ബഹുഭൂരിപക്ഷവും ഏതെങ്കിലും വിധത്തിൽ എന്നെ അറിയുവാൻ ഇടയായിട്ടുള്ളവരായിരിക്കും എന്നു ഞാൻ പ്രതീക്ഷിക്കുന്നു. അതുകൊണ്ട് എന്റെ കുടുംബത്തെപ്പറ്റി അധികമൊന്നും പറയേണ്ടതില്ല. മാത്രമല്ല, അത്ര കാര്യമായൊന്നും പറയാനുമില്ല. ഇടച്ചേരിൽ എന്നാണ് വീട്ടുപേർ. എന്നുവെച്ചാൽ മേച്ചേരിയോ കീഴ്ച്ചേരിയോ അല്ല, എന്നു സാരം. ഇടച്ചേരി എന്ന വീട്ടുപേര് ഞങ്ങൾക്കു നന്നായി ചേരും എന്ന് എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ട്. അപ്പനും വല്ല്യപ്പനും കച്ചവടക്കാരായിരുന്നു. ഞങ്ങളും പ്രധാനമായും വ്യാപാരികളാണ്. “കോണിലെ മാളികമുറിക്കും ആട്ടുവാതിലിനും മദ്ധ്യേ തട്ടാന്മാരും കച്ചവടക്കാരും അറ്റകുറ്റം തീർത്തു” (നെഹ. 3:32) എന്ന വേദവാക്യം എനിക്കു വളരെ പ്രാഗത്ഭ്യം തന്നിട്ടുള്ള ഒന്നാണ്. തട്ടാന്മാരെ കൂട്ടു കിട്ടിയതിൽ (‘തട്ടാൻ തൊട്ടാൽ പത്തിനു എട്ട്’ എന്നൊരു ചൊല്ലുണ്ട്) തൃപ്തിയില്ലാതെ വന്നിട്ടുണ്ടെങ്കിലും അവരുടെ ഇടയിലെ ഉത്തമന്മാരോടാണല്ലോ, അഥവാ മതിൽപണിയിൽ ഏർപ്പെട്ടിരുന്ന തട്ടാന്മാരോടാണല്ലോ ബന്ധമുള്ളത് എന്നും തോന്നിയിട്ടുണ്ട്. മാത്രമല്ല ആട്ടുമതിലിനടുത്തു കച്ചവടക്കാർ അറ്റകുറ്റം തീർത്തതിനോട് ചേർന്നഭാഗം മഹാപുരോഹിതനായ ഏല്യാശീബും അവന്റെ സഹോദരന്മാരായ പുരോഹിതന്മാരും ചേർന്നാണ് പണിതതെന്നു 3:1ൽ കാണാം. യരുശലേമിന്റെ മതിൽക്കെട്ടു പണിയിൽ കച്ചവടക്കാരുടെ സ്ഥാനം മഹാപുരോഹിതന്മാരുടെയും ആത്മീകരായ തട്ടാന്മാരുടെയും മദ്ധ്യത്തിലായിരുന്നു. യഥാർത്ഥത്തിൽ എന്റെയും എന്റെ കുടുംബത്തിന്റെയും സ്ഥാനം അതുതന്നെയാണ്. എന്റെ പ്രിയ പിതാവ് അങ്കമാലിയിലും ചുറ്റുപാടിലും എത്രയും പരമാർത്ഥിയായ ഒരാൾ എന്ന നിലയിൽ അറിയപ്പെട്ട ആളായിരുന്നു. 99-ാം മാണ്ടിലെ വെള്ളപ്പൊക്ക കാലത്തു പെരിയാറിന്റെ ഇരുഭാഗങ്ങളിലും താമസിച്ചിരുന്ന പനമ്പുനെയ്ത്തുകാരായ ദരിദ്രന്മാർക്കു

സകലവും നഷ്ടപ്പെട്ടതുകൊണ്ട്, മലയിൽ നിന്നും ഈറ്റ സൗജന്യമായി വെട്ടിയെടുക്കുന്നതിനു പാസ് കൊടുക്കാനുള്ള അവകാശം, ദേശത്തെ വിശ്വസ്ത നായ വ്യക്തി എന്ന നിലയിൽ എന്റെ പിതാവിനാ യിരുന്നു നൽകിയിരുന്നത്. ആവുംവിധം സാധു സംരക്ഷണം ശത്രുമിത്ര ഭേദമെന്യേ അദ്ദേഹം അതിനു മുമ്പും നിർവ്വഹിച്ചു പോന്നിരുന്നു. ദേശ നിവാസികളുടെ പൊതുവായ അഭിപ്രായത്തെ അടി സ്ഥാനമാക്കിയാണ് ഈ ചുമതല എന്റെ പിതാവിനെ ഏൽപ്പിച്ചത്. "എന്നാൽ നിന്റെ ശത്രുവിനു വിശ ക്കുന്നു എങ്കിൽഅവനു തിന്മാൻ കൊടുക്ക; ദാഹി ക്കുന്നു എങ്കിൽ കുടിക്കുവാൻ കൊടുക്കുക" എന്ന വാക്കുകൾ എന്റെ പിതാവിൽ, രക്ഷിക്കപ്പെടുന്നതി നുമുമ്പും നിവർത്തിച്ചുകൊണ്ടാണിരുന്നിട്ടുള്ളത്. "അങ്ങനെ ചെയ്താൽ നീ അവന്റെ തലമേൽ തീക്ക നൽ കുന്നിക്കും" എന്ന വസ്തുത അറിഞ്ഞുകൊ ണ്ടല്ല അങ്ങനെ ചെയ്തിരുന്നതു എന്നൊരു വ്യത്യാ സമുണ്ട്. "മാനസാന്തരം കൊണ്ട് ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാന്മാരുടെ കൂട്ടത്തിൽ പെട്ടിരുന്നതു കൊണ്ട് എന്റെ പിതാവിനു രക്ഷിക്കപ്പെടുന്നതിനു കൂടുതൽ താമസം വേണ്ടി വന്നു. പൊതുവായി പറഞ്ഞാൽ എന്റെ കുടുംബക്കാർ മര്യാദക്കാരുടെ കൂട്ടത്തിലാണ് പെട്ടിരുന്നത്. അങ്ങനെയുള്ള ഒരു കുടുംബ ത്തിൽ ജനിക്കാനിടയായതു ഒരു ഭാഗ്യമായി തന്നെ ഞാൻ കാണുന്നു.

അങ്കമാലി യാക്കോബായ പള്ളിയുടെ കിഴക്കേ മതി ലിനോടു തൊട്ടടുത്താണ് ഞങ്ങളുടെ തറവാട്. കേര ളത്തിലെ ക്രൈസ്തവ കേന്ദ്രങ്ങളിൽ അങ്കമാലിക്കും അങ്കമാലിയിലെ യാക്കോബായ പള്ളിക്കും വളരെ പ്രധാനമായ ഒരു സ്ഥാനമുണ്ട്. യാക്കോബായ സഭ യുടെ അതിപ്രധാനമായ ഭദ്രാസന പള്ളികളിൽ ഒന്നാണ് അങ്കമാലി പള്ളി. കൂനൻ കുരിശു സത്യ ത്തിനു തീരുമാനമെടുത്തതു ഇവിടെ വെച്ചായിരു ന്നു. പിൽക്കാലത്തു ബൈബിൾ മുദ്രണത്തിനും പരിഭാഷകൾക്കും ആധാരമായ രേഖകൾ ബുക്കാ നൻ ധ്വര കൊണ്ടുപോയതു അങ്കമാലി പള്ളിയിൽ സൂക്ഷിച്ചിരുന്നവയാണത്രേ. അങ്കമാലി കത്തോ ലിക്കാ പള്ളി സാധാരണയിൽ നിന്നും വ്യത്യാസ പ്പെട്ട 'ഫറോന പള്ളിയാണ്. രണ്ടു ഫർലോങ്ങിനു ള്ളിലായി ഭീമാകാരങ്ങളായ മൂന്നു വലിയ പള്ളി കൾ മറ്റു എവിടെയെങ്കിലുമുള്ളതായി അറിഞ്ഞു കൂടാ; ഉണ്ടായിരിക്കാം. കിഴക്കേ പള്ളിക്കും ഇട യ്ക്കുള്ള യാക്കോബായ പള്ളിക്കും ആണ് താരത മ്യേന കൂടുതൽ പുരാതനത്വമുള്ളത്. പടിഞ്ഞാറെ പള്ളിയും കിഴക്കേ പള്ളിയും തമ്മിൽ യോജിപ്പി ക്കുന്ന ഒരു അങ്ങാടിയുണ്ട്; ഏതാണ്ട് രണ്ടു ഫർലോംഗ് നീളം വരും. ഈ അങ്ങാടിയും അതി ന്റെ ഇരുവശത്തുമുള്ള ഏതാനും അടി അകലം വരുന്ന സ്ഥലങ്ങളും പള്ളിവകയാണ്. 'ഈ അങ്ങാ ടിയുടെ ഇരുവശങ്ങളിലും ക്രൈസ്തവ ഭവനങ്ങൾ മാത്രമാണുള്ളത്. അവ യിൽ ഒന്നാണ് എന്റെ തറവാട്. അതിൽ ഇന്നു എന്റെ ഇളയ സഹോദര കുടുംബം താമസിക്കുന്നു.

**ഇടച്ചേരിൽ എന്നാണ് വീട്ടുപേര്. എന്നുവെച്ചാൽ മേച്ചേരിയോ കീഴ്ച്ചേരിയോ അല്ല, എന്നു സാരം. ഇടച്ചേരി എന്ന വീട്ടുപേര് ഞങ്ങൾക്കു നന്നായി ചേരും എന്ന് എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ട്.**

അങ്കമാലി യാക്കോബായ പള്ളി, കത്തോലിക്കരുടെ പടിഞ്ഞാറെ പള്ളിക്കടുത്താണ് സ്ഥിതി ചെയ്യുന്ന ത്. കിഴക്കേ പള്ളി കൽദായരുടെ വകയായിരുന്നു എന്നു കേട്ടിട്ടുണ്ട്. എന്നാൽ ഇന്ന് അതു കത്തോ ലിക്കരുടെ വകയാണ്. യാക്കോബായ പള്ളിയുടെ കിഴക്കേ മതിലിനോടു തൊട്ടാണ് ഞങ്ങളുടെ തറ വാട് എന്നു പറഞ്ഞുവല്ലോ. ആ മതിലിനോടു തൊട്ടു ചേർന്നു പണിതിരുന്ന ഒരു മുറിയിൽ വെച്ചാണ് എന്റെ അമ്മ എന്നെ പ്രസവിച്ചത്. 'മതിലേൽ കിളർത്തവരിൽ ഒരാളാണ് ഞാൻ എന്ന് കളിയായും കാര്യമായും ഞാൻ പലപ്പോഴും സ്വല്പം അഭിമാന ത്തോടെ പറയാറുണ്ട്. പ്രശംസിപ്പാൻ അധികം കാര്യ ങ്ങൾ ഇല്ലാത്ത ഞാൻ ഉള്ളതു വിട്ടുകളയരുതല്ലോ.

(തുടരും)

# ജ്യോതിഷവും വിശ്വാസികളും

ഡോ. സനീഷ് ചെറിയാൻ

നക്ഷത്രങ്ങളെയും ഗ്രഹങ്ങളെയും അടിസ്ഥാനമാക്കി വ്യക്തികളുടെയും രാഷ്ട്രങ്ങളുടെയും ഭാവിയെക്കുറിച്ച് വിശദീകരിക്കുന്ന സമ്പ്രദായങ്ങൾക്ക് പൊതുവെ പറയുന്ന പേരാണ് ജ്യോതിഷം. ആസ്ട്രോൺ (നക്ഷത്രം) എന്നും ലോഗിയ (അറിവ്, സംസാരം) എന്നുമുള്ള രണ്ടു ഗ്രീക്കു പദങ്ങളിൽ നിന്നും രൂപംകൊണ്ട ആസട്രോലോഗിയ എന്ന ലത്തീൻ വാക്കിൽ നിന്നാണ് ആസ്ട്രോളജി അഥവാ ജ്യോതിഷം എന്ന വാക്കുണ്ടായത്. ജ്യോതിഷം വാനഗോളങ്ങളെക്കുറിച്ചുള്ള പഠനവിഭാഗമായ ജ്യോതിശാസ്ത്രത്തിന്റെ ഭാഗമല്ല. പേരിൽ സാമ്യമുണ്ടെങ്കിലും താത്വീക മായി അവ ഒന്നല്ല.

തന്റെ ഭാവിയെക്കുറിച്ചറിയുവാൻ മനുഷ്യന്റെ അന്തരംഗത്തിലുള്ള ആഗ്രഹവും ആകാംക്ഷയുമാണ് ജ്യോതിഷത്തിനു പിന്നിലെ വിജയ രഹസ്യം. ഇതര ജാതിമതസ്ഥരെപ്പോലെ ക്രിസ്ത്യാനികളും, വേർപെട്ട വിശ്വാസികൾ പോലും ജ്യോതിഷത്തെ താല്പര്യത്തോടെ സമീപിക്കുന്നു. ജ്യോതിഷതല്പരരായ വിശ്വാസികൾ പല തട്ടിലാണ്. ചിലർ ജ്യോതിഷത്തിനു പൂർണ്ണ പിന്തുണ നൽകുന്നു. ജ്യോതിഷപരമായ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിലും പാലിക്കുന്നതിലും യാതൊരു തെറ്റും ഇല്ലെന്നു ഇക്കൂട്ടർ വാദിക്കുന്നു. വേറെ ചിലർ തങ്ങളെത്തന്നെ ജ്യോതിഷത്തിൽ നിന്നും അകറ്റി സൂക്ഷിക്കുന്നെങ്കിലും ജ്യോതിഷം നോക്കുന്നതു തെറ്റല്ലെന്നു ചിന്തിക്കുന്നു. കയ്യാലപ്പുറത്തിരിക്കുന്ന തേങ്ങ പോലെയാണ് ഇവർ. സാഹചര്യത്തിനനുസരിച്ച് അങ്ങോട്ടോ ഇങ്ങോട്ടോ വീഴാം. മനുഷ്യപ്രീതി ആഗ്രഹിക്കുന്ന പല ക്രിസ്തീയ ഉപദേഷ്ടാക്കന്മാരും ഈ ഗണത്തിൽ പെടുന്നവരാണ്. ഓരോരുത്തരും തങ്ങൾക്കു ബോധിച്ചതുപോലെ നടക്കട്ടെ എന്നു ചിന്തിക്കുന്നവരാണ് ഇക്കൂട്ടർ. ഇന്നു വേർപെട്ട ദൈവജനത്തിനു മധ്യേയും രാഹു കാലം നോക്കലും മുഹൂർത്തം കുറിക്കലും ഒക്കെ നടന്നു വരുന്നു. വിവാഹം, ഗൃഹപ്രവേശനം തുടങ്ങിയ വിഷയങ്ങളിൽ ഇതു കൂടുതൽ വെളിപ്പെടുന്നു.

**ജ്യോതിഷം ശാസ്ത്രീയമാണെങ്കിലും അല്ലെങ്കിലും അതിൽ ഇടപെടുവാൻ ദൈവവചനം വിശ്വാസികളെ അനുവദിക്കുന്നില്ല.**

വിവാഹസമയം മുന്നമേ ക്രമീകരിക്കുന്നു എങ്കിലും വധൂവരന്മാർ പലവിധ കാരണങ്ങളുണ്ടാക്കി രാഹു കാലം കഴിഞ്ഞശേഷം വിവാഹവേദിയിലെത്തുന്ന പ്രവണത സാധാരണമായിരിക്കുന്നു. കൂടാതെ പലവിധ അന്ധവിശ്വാസങ്ങളും വിശ്വാസഹൃദയങ്ങളിൽ രൂഢമൂലമായിരിക്കുന്നു. ആകയാൽ ജ്യോതിഷത്തിനും മാനുഷകല്പിത അന്ധവിശ്വാസങ്ങൾക്കും മുമ്പാകെ തിരുവചനത്തിന്റെ നിലപാട് എന്ത് എന്ന് പ്രതിപാദിക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

നവീകരണ കാലഘട്ടത്തിന്റെ പ്രാരംഭകാലം മുതൽ തന്നെ വേർപെട്ട ദൈവജനം ജ്യോതിഷപരവും ആഭിചാരപരവുമായ പ്രവൃത്തികളോടു വിട പറഞ്ഞും എതിർത്തു നിന്നുമുള്ള ജീവിതരീതിയാണ് അനുവർത്തിച്ചു വരുന്നത്. അവരെ സംബന്ധിച്ചിടത്തോളം 'തിരുവെഴുത്തു എന്തു പറയുന്നു' എന്നതായിരുന്നു പ്രധാന വിഷയം. തിരുവെഴുത്തിനു നിരക്കാത്ത എന്തിനെയും തള്ളിക്കളയുവാനുള്ള തീവ്രമായ വിശ്വാസവും സമർപ്പണവും വേർപാടുകാരുടെ പ്രത്യേകതയായിരുന്നു. ദൈവജനം ജാതീയ ആശയങ്ങളിലും ആഭിചാരാനുബന്ധമായ കാര്യങ്ങളിലും ഇടപെടരുതെന്നും ദൈവവചനം കർശനമായി കല്പിച്ചിരിക്കുന്നു.

മിസ്രയീം അടിമത്വത്തിൽ നിന്നും വീണ്ടെടുക്കപ്പെട്ട ദൈവജനം വാഗ്ദത്ത നാട്ടിൽ ഏതുവിധം ആയിരിക്കണമെന്നു യഹോവ നിഷ്കർഷിച്ചിരിക്കുന്നതു ശ്രദ്ധിക്കുക; "നിന്റെ ദൈവമായ യഹോവ നിനക്കു

തരുന്ന ദേശത്തു എത്തിയശേഷം അവിടത്തെ ജാതികളുടെ മ്ലേച്ഛതകൾ നീ പഠിക്കരുത്. നിന്റെ മകനെയോ, മകളെയോ, അഗ്നി പ്രവേശം ചെയ്യിക്കുന്നവൻ, പ്രശ്നക്കാരൻ (പ്രശനം നോക്കുന്നവൻ), മുഹൂർത്തക്കാരൻ, ആഭിചാരകൻ, ക്ഷുദ്രക്കാരൻ, മന്ത്രവാദി, വെളിച്ചപ്പാടൻ, ലക്ഷണം പറയുന്നവൻ, അഞ്ജനക്കാരൻ എന്നിങ്ങനെയുള്ളവരെ നിങ്ങളുടെ ഇടയിൽ കാണരുത്. ഈ കാര്യങ്ങൾ ചെയ്യുന്നവനെല്ലാം യഹോവെയ്ക്കു വെറുപ്പ് ആകുന്നു. ഇങ്ങനെയുള്ള മ്ലേച്ഛതകൾ നിമിത്തം നിന്റെ ദൈവമായ യഹോവ അവരെ നിന്റെ മുമ്പിൽ നിന്നു നീക്കിക്കളയുന്നു. നിന്റെ ദൈവമായ യഹോവയുടെ മുമ്പാകെ നീ നിഷ്കളങ്കനായിരിക്കണം (ആവ. 18: 9-12).

ഈ തിരുവചന ഭാഗത്തു പരാമർശിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങൾ എല്ലാം മനുഷ്യഹൃദയങ്ങളെ വളരെ വേഗത്തിലും ആഴമായും സ്വാധീനിക്കുന്നവയാണ്. നാളെ തനിക്ക് എന്ത് ഭവിക്കും എന്നറിയുവാൻ മനുഷ്യഹൃദയത്തിലുള്ള ആശങ്ക അവനെ ഇത്തരം കാര്യങ്ങളിലേക്ക് എളുപ്പം ആനയിക്കും. എന്നാൽ ദൈവജനം ഇത്തരം കാര്യങ്ങളിൽ ഇടപഴകുന്നതിനെ ദൈവവചനം ശക്തമായ ഭാഷയിൽ തന്നെ വിലക്കുന്നു.

ജ്യോതിഷാനുബന്ധ വിഷയങ്ങളിൽ തിരുവചനത്തിന്റെ നിലപാടു സുവ്യക്തമാണെങ്കിലും ക്രിസ്തുവിശ്വാസികൾ ഇത്തരം കാര്യങ്ങളിൽ ഇടപഴകുന്നതിനു കാരണം വചനം വേണ്ടുംപോലെ പഠിക്കാത്തതാണ്. ക്രിസ്ത്യാനികൾ പൊതുവെ ബൈബിൾ വായികുന്നവരാണെങ്കിലും ചുരുക്കം ആളുകൾ മാത്രമേ അതു വിശകലനം ചെയ്തു പഠിക്കാറുള്ളൂ. പലർക്കും ബൈബിൾ എന്നതു തങ്ങളുടെ വിശ്വാസ നിലപാടിനെ വെളിപ്പെടുത്തുന്ന ഒരു പുസ്തകം മാത്രമായി മാറിയിരിക്കുന്നു. തന്മൂലം ആഭിചാര പരമായ വിഷയങ്ങളിലുള്ള തിരുവചന നിലപാട് പലർക്കും മറവായിരിക്കുന്നു. ആഭിചാരത്തിന്റെ ബഹുവിധ മേഖലകളുമായി വർത്തമാന പത്രങ്ങളിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും സാമൂഹ്യബന്ധങ്ങളിലൂടെയും ഉണ്ടാകുന്ന പരിചയം ക്രിസ്ത്യാനികളെ ഇത്തരം പ്രവൃത്തികളിലേക്ക് ആകർഷിക്കുന്നു. വാരഫലങ്ങൾ (നക്ഷത്ര ഫലങ്ങൾ) വർത്തമാനപത്രങ്ങളിൽ കൂടെ കൂടെ കാണുന്ന വേദപരിജ്ഞാനമുള്ള വിശ്വാസികൾ പോലും അതിൽ ആകൃഷ്ടരായിത്തീരുന്നതു സ്വാഭാവിക പ്രവണതയാണ്. ഈ മാനസിക വ്യതിചലനത്തെ കടിഞ്ഞാണിട്ടു നിയന്ത്രിച്ചില്ല എങ്കിൽ ക്രമേണ നക്ഷത്രഫലത്തിനു കീഴ്പ്പെട്ടു പോകുന്ന അവസ്ഥയിലെത്തിച്ചേരും.

നക്ഷത്രഫലങ്ങൾ കൂടെകൂടെ വായിക്കുന്ന വിശ്വാസികൾ ജ്യോതിഷത്തെ അനുകൂലിക്കുന്നവരായി മാറുന്നു. അവരിൽ പലരും ജ്യോതിഷം ഒരു ശാസ്ത്രമാണെന്നവകാശപ്പെടുകയും ചെയ്യും. ജ്യോതിഷത്തിനു ശാസ്ത്രപരിവേഷം നൽകപ്പെട്ടു കഴിഞ്ഞാൽ സാധാരണക്കാരായ വിശ്വാസികൾ അതിൽ അകപ്പെട്ടു പോകുമെന്നതിൽ സംശയം വേണ്ട.

ബൈബിളിനെക്കുറിച്ചോ ശാസ്ത്രത്തെക്കുറിച്ചോ ബൈബിളും ശാസ്ത്രവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചോ യാതൊരു അറിവുമില്ലാത്ത വിശ്വാസികളുണ്ട്. നക്ഷത്രങ്ങൾ മനുഷ്യജീവിതത്തെ സ്വാധീനിക്കുന്നതായി ശാസ്ത്രം തെളിയിച്ചിട്ടുണ്ടെന്നു കേൾക്കുന്ന ഇക്കൂട്ടർ അതു കണ്ണടച്ചു വിശ്വസിക്കുന്നു. അതിനുള്ള തെളിവുകൾ ചോദിക്കാൻ അവർ മിനക്കെടാറില്ല. തന്നെയുമല്ല, ജ്യോതിഷം ശാസ്ത്രീയമെന്നു അവർ ഏറ്റുപാടുകയും അനേകർ അതിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യും.

ജ്യോതിഷം സംബന്ധിച്ചു രണ്ടു കാര്യങ്ങൾ ഊന്നിപ്പറയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ജ്യോതിഷം ശാസ്ത്രീയമാണെങ്കിലും അല്ലെങ്കിലും അതിൽ ഇടപെടുവാൻ ദൈവവചനം വിശ്വാസികളെ അനുവദിക്കുന്നില്ല. ദൈവജനം ആഭിചാരത്തിൽ ഇടപഴകുന്നതിനെ ദൈവവചനം ശക്തമായ ഭാഷയിൽ തന്നെ വിലക്കുന്നു. രണ്ടാമതായി, ജ്യോതിഷം ശാസ്ത്രീയമെന്നു ആരും തെളിയിച്ചിട്ടില്ലെന്ന കാര്യവും ഞങ്ങൾ അടിവരയിട്ടു പറയുന്നു.

# പെരുമാറ്റ ചട്ടങ്ങൾ

ഡോ. ജോൺസൺ സി. ഫിലിപ്പ്

ആധുനിക ലോകത്തു സാധാരണയായി കേട്ടുവരുന്ന ഒരു സാങ്കേതിക പദമാണ് പെരുമാറ്റ ചട്ടം (Protocol). ഒരു രാജ്യത്തിന്റെ തലവൻ മറ്റൊരു രാജ്യത്തിന്റെ തലവനുമായി കൂടിക്കാഴ്ച നടത്തുമ്പോഴും രണ്ടു സ്ഥാപനങ്ങളുടെ പ്രതിനിധികൾ തമ്മിൽ സന്ധിക്കുമ്പോഴും പാലിക്കേണ്ടതായ പെരുമാറ്റ ചട്ടങ്ങളുണ്ട്. പല ഗവൺമെന്റ് സ്ഥാപനങ്ങൾക്കും പട്ടാള മേധാവികൾക്കും ബൃഹത്തായ വാണിജ്യ സ്ഥാപനങ്ങൾക്കും പെരുമാറ്റ ചട്ടങ്ങൾക്കായി പ്രത്യേക സ്ഥാനങ്ങളും സാരഥികളുമുണ്ട്.

എന്താണ് പെരുമാറ്റ ചട്ടം? ഒരു പ്രത്യേക സാഹചര്യത്തിൽ ഏതുവിധം പെരുമാറണമെന്നതു സംബന്ധിച്ച് ക്രമീകൃതവും അല്ലാത്തതുമായ പൊതുസ്വീകാര്യമായ ചട്ടങ്ങളാണവ. പെരുമാറ്റ ചട്ടങ്ങൾക്കു ബഹുവിധ കർത്തവ്യങ്ങളുണ്ട്. വൈദ്യശാസ്ത്രരംഗത്താണെങ്കിൽ പതിറ്റാണ്ടുകളുടെ പരീക്ഷണ നിരീക്ഷണങ്ങളുടെ അടിസ്ഥാനങ്ങളിലാണ് പെരുമാറ്റ ചട്ടങ്ങൾ ക്രമീകരിക്കപ്പെടുന്നത്. രാഷ്ട്രീയ സമ്മേളനങ്ങളിൽ രണ്ടു പാർട്ടികൾ തമ്മിലുള്ള ചർച്ചകളിലൂടെ ഇക്കാര്യം ഉരുത്തിരിയുന്നു. പ്രതിസന്ധിഘട്ടങ്ങളിൽ പെരുമാറ്റ ചട്ടങ്ങൾ ആളുകൾക്ക് ഒരു രക്ഷാ മാർഗ്ഗമാണ്.

സാമൂഹ്യജീവിതത്തിൽ അതിർവരമ്പുകൾ സ്ഥാപിക്കുന്നതിനു പെരുമാറ്റ ചട്ടങ്ങൾ ഉപകരിക്കുന്നു. അരാജകത്വത്തിൽ നിന്നും പെരുമാറ്റ ചട്ടങ്ങൾ സമൂഹത്തെ രക്ഷിക്കുന്നു. ഉദാ. താഴെക്കിടയിലുള്ള വ്യക്തി തന്റെ മേലധികാരിയെ പ്രായത്തിലും വിദ്യാഭ്യാസ ത്തിലും തന്നെക്കാൾ കുറഞ്ഞയാളാണെങ്കിൽ പോലും ബഹുമാനിക്കാനും അനുസരിക്കാനും ബാധ്യസ്ഥനാണ്. പെരുമാറ്റ ചട്ടമില്ലെങ്കിൽ പ്രായത്തിലും പരിചയത്തിലും മുതിർന്ന വ്യക്തി തന്റെ മേലുദ്യോഗസ്ഥനായി വരുന്ന യൗവനക്കാരനായ വ്യക്തിയെ നിരാകരിക്കാനുള്ള സാദ്ധ്യതയുണ്ട്.

മനുഷ്യന്റെ ധാർമ്മികജീവിതത്തെയും സ്വഭാവത്തെയും എഴുതപ്പെട്ടതും എഴുതപ്പെടാത്ത തും വ്യവസ്ഥാപിതവും അല്ലാത്തതുമായ പെരുമാറ്റ ചട്ടങ്ങൾ നിയന്ത്രിക്കുന്നു. സ്വീകാര്യവും നിഷേധ്യവുമായ സ്വഭാവത്തെ തിരിച്ചറിയുവാൻ ഇതു അവരെ സഹായിക്കുന്നു. അങ്ങനെ മനുഷ്യ സമൂഹത്തിനു വലിയൊരു സംരക്ഷണ വലയമായി ധാർമ്മിക പെരുമാറ്റ ചട്ടങ്ങൾ നിലകൊള്ളുന്നു.

അവസരവാദ ധാർമികത (Moral Relativism) എന്ന സിദ്ധാന്തത്തിന്റെ വക്താക്കൾ സാമൂഹികവും ധാർമ്മികവുമായ പെരുമാറ്റ ചട്ടങ്ങളെ പ്രത്യക്ഷമായും പരോക്ഷമായും ആക്രമിക്കുന്നു. കാരണം പെരുമാറ്റ ചട്ടങ്ങൾ ധാർമ്മികതയുടെ സംരക്ഷകരാണ്. എന്നാൽ അരാജകത്വത്തിനു കൃത്രിമമായ വശ്യത നൽകി പെരുമാറ്റ ചട്ടങ്ങൾക്കു പകരം അവതരിപ്പിച്ചാൽ മാത്രമേ അവസരവാദ ധാർമ്മികതാ സിദ്ധാന്തത്തിനു വിജയം കൈവരിക്കാൻ സാധിക്കൂ. സാദ്ധ്യമായ മാർഗ്ഗങ്ങളിലൂടെയെല്ലാം പെരുമാറ്റ ചട്ടങ്ങളെ ആക്രമിക്കാൻ അവസരവാദ ധാർമ്മികതക്കാർ ശ്രമിക്കുമ്പോൾ, വാസ്തവത്തിൽ എന്താണ് സംഭവിക്കുന്നതെന്നുപോലും എളുപ്പം ആളുകൾക്കു മനസ്സിലാകുകയില്ല. പൊതു അറിവിന് നിലകൊള്ളുന്നതായ ഒരുകൂട്ടം പെരുമാറ്റ ചട്ടങ്ങൾ ഒരുമിച്ചു തകർക്കപ്പെട്ടു കഴിയുമ്പോൾ മാത്രമേ ആളുകൾക്ക് അതിന്റെ ഗൗരവം മനസ്സിലാകുകയുള്ളൂ. ആധുനിക യുഗത്തിൽ നിലവിലുള്ള പെരുമാറ്റ ചട്ടങ്ങളെ തകർക്കുക എളുപ്പവും പുതിയവയെ സ്ഥാപിക്കുക ദുഷ്കരവുമാണ്. അതുകൊണ്ട് സമൂഹത്തിന്റെ നിലനിൽപ്പിന്നാധാരമായതും നിലവിലുള്ളതുമായ പെരുമാറ്റ ചട്ടങ്ങൾ ഏതൊക്കെയെന്നതിനെക്കുറിച്ചുള്ള വ്യക്തമായ അറിവ് ഓരോ വ്യക്തിക്കും ഉണ്ടായിരിക്കുകയും അവ കാത്തുസൂക്ഷിക്കാനുള്ള

ആത്മാർത്ഥമായ ആഗ്രഹവും ശ്രമവും ഉണ്ടെങ്കിലും മാത്രമേ സമൂഹത്തിനു സ്ഥായിയായ നിലനിൽപ്പുണ്ടാവുകയുള്ളൂ.

## വിവിധ തരത്തിലുള്ള പെരുമാറ്റ ചട്ടങ്ങൾ

പെരുമാറ്റ ചട്ടങ്ങളെ അവയുടെ സ്വഭാവമനുസരിച്ച് മൂന്നായി തരംതിരിക്കാം.

1. സ്വാഭാവിക ചട്ടങ്ങൾ (Natural Protocols)
2. ക്രമീകൃത ചട്ടങ്ങൾ (Contrived Protocols)
3. ദൈവകല്പിതമായ ചട്ടങ്ങൾ (Divinely ordained Protocols)

ആദ്യത്തെ രണ്ടും പരസ്പരം ആശയങ്ങൾ പങ്കുവയ്ക്കുന്നു. കൂടാതെ മൂന്നാമത്തെ വിഭാഗത്തിൽ നിന്നും ഇവ രണ്ടും പ്രമാണങ്ങൾ ഉൾക്കൊള്ളുന്നതിനാൽ ചില കൂടിക്കുഴയലുകൾ കാണാവുന്നതാണ്. പെരുമാറ്റ ചട്ടങ്ങളുടെ ഈ അടിസ്ഥാന വിഭാഗങ്ങളെ ക്കുറിച്ചു മനസ്സിലായിക്കഴിയുമ്പോൾ അവ തമ്മിലുള്ള കൂടിക്കുഴയലും തെളിയും. അവയെ അല്പം വിശദമായി നമുക്കു നോക്കാം.

### 1. സ്വാഭാവിക ചട്ടങ്ങൾ

ലോകവ്യാപകമായി പൊതുവെ ആളുകൾ അംഗീകരിക്കുന്ന ചില പെരുമാറ്റ ചട്ടങ്ങളുണ്ട്. അവ എഴുതപ്പെടാത്തവയോ സ്ഥാപിക്കപ്പെടാത്തതോ ആകാം. മാതാപിതാക്കളെ മക്കളോടും, ഭാര്യയെ ഭർത്താവിനോടും, മൂത്തവരും ഇളയവരും തുടങ്ങി കുടുംബബന്ധങ്ങളിലെ ക്രമീകരണം ഇതിനുദാഹരണമാണ്. ഈ വിഭാഗത്തിലെ പെരുമാറ്റ ചട്ടങ്ങൾ അടുത്ത വിഭാഗത്തിൽ കൂടുതൽ ക്രമീകൃതവും ആധികാരികവുമായി സ്ഥാപിക്കപ്പെടുന്നു.

### 2. ക്രമീകൃത ചട്ടങ്ങൾ

സ്വാഭാവിക ചട്ടങ്ങൾ മനുഷ്യജീവിതത്തിൽ വളരെ ഉപകാരപ്രദമാണെങ്കിലും അവ മതിയാകാത്ത സന്ദർഭങ്ങളും ഉണ്ടാകും. ഒരു ഓഫീസ്, സൈന്യം, ട്രാഫിക് സംവിധാനം എന്നിവയിൽ ക്രമീകൃതമായി എഴുതിയ പെരുമാറ്റ ചട്ടങ്ങൾ ആവശ്യമാണ്.

വൈദ്യശാസ്ത്രം, ബഹിരാകാശ യാത്രകൾ, രാസപദാർത്ഥങ്ങളുടെ ഗവേഷണം തുടങ്ങിയ മേഖലകളിൽ ക്രമീകൃതമായ പെരുമാറ്റ ചട്ടങ്ങൾ അനിവാര്യമാണ്. എല്ലാ സാഹചര്യങ്ങളെയും കണക്കിലെടുത്ത് അപകടരഹിതമായി എങ്ങനെ പ്രവർത്തിക്കാം എന്നതു സംബന്ധിച്ചു വ്യക്തമായ മാർഗ്ഗനിർദ്ദേശം രേഖയായി തന്നെ ഇത്തരം മേഖലകളിൽ പ്രവർത്തിക്കുന്നവർക്കു നൽകുന്നു. ഈ നിലയിൽ എഴുതി നൽകപ്പെടുന്ന ചട്ടങ്ങളാണ് ക്രമീകൃത ചട്ടങ്ങൾ. ഇന്നത്തെ സമൂഹത്തിൽ വളരെ പ്രസക്തവും ഉപയുക്തവുമാണിത്.

### 3. ദൈവകല്പിതമായ ചട്ടങ്ങൾ

മനുഷ്യനെ സൃഷ്ടിച്ച ദൈവം അവനു വ്യക്തമായ പെരുമാറ്റ ചട്ടം നൽകിയിരുന്നു. ബൈബിളിലെ ആദ്യത്തെ 5 പുസ്തകങ്ങൾ മനുഷ്യർക്കു ദൈവം നൽകിയ പെരുമാറ്റ ചട്ടങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നു. മനുഷ്യർ പരസ്പരവും ദൈവത്തോടും ഏതുവിധം പെരുമാറണം എന്നു രേഖപ്പെടുത്തിയിരിക്കുന്നു. അവയിൽ അവ്യക്തത ഒന്നുമില്ല.

അവ എക്കാലത്തുമുള്ള ജനസമൂഹങ്ങൾക്കു ഏറെ പ്രയോജനപ്രദമാണ്. ഓരോ സമൂഹത്തിന്റെയും സുഗമവും ഉൽകൃഷ്ടവുമായ നിലനിൽപിനു പെരുമാറ്റ ചട്ടങ്ങൾ അനിവാര്യമെന്നു സാമൂഹ്യശാസ്ത്ര വിദഗ്ധർ സമ്മതിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ, പെരുമാറ്റ ചട്ടങ്ങൾ എഴുതപ്പെട്ടതോ അല്ലാത്തതോ, ദൈവകല്പിതമോ, മനുഷ്യസൃഷ്ടിയോ, സ്വാഭാവികമോ എന്തു തന്നെ ആയാലും സമൂഹത്തെ അരാജകത്വത്തിൽ നിന്നു രക്ഷിക്കാൻ ഉപകരിക്കുന്നു. പെരുമാറ്റ ചട്ടങ്ങളെ അവഗണിച്ച വ്യക്തികൾ തങ്ങൾക്കു തന്നെയും സമൂഹത്തിന്റെയും നാശത്തിനു ഇടവരുത്തിയ ചരിത്രവും ധാരാളമുണ്ട്.

(തുടരും)

# കർത്തൃമേശയും തിരുവത്താഴവും

ഡോ. ജോർജ്ജ് പി. കോശി

അപ്പം നുറുക്കൽ ഒരു അനുഷ്ഠാനമാണോ (Ordinance)? കൃത്യമായി പറഞ്ഞാൽ, അല്ല; യേശുക്രിസ്തുവിന്റെ ശിഷ്യന്മാർക്കു അവനെ ഓർക്കുവാനായി ഒരുക്കപ്പെട്ട ഒരവസരമാണിത്. നേരെ വിപരീതമായി പുളിപ്പില്ലാത്ത അപ്പത്തിന്റേതുൾപ്പെടെയുള്ള പഴയ നിയമ പെരുന്നാളുകൾ ദൈവത്തിന്റെ കല്പനായായിരുന്നു. ആ പെരുന്നാളുകൾ ആചരിക്കാൻ കൂട്ടാക്കാത്തവർ മരണത്തിനു വിധിക്കപ്പെട്ടിരുന്നു. തന്മൂലം ആ പെരുന്നാളുകൾ അനുഷ്ഠാനങ്ങളായി മാറി. ക്രിസ്തീയ സമൂഹം പറയുന്നതുപോലെ ഇതൊരു കൂദാശ (sacrament) അല്ലെന്നു നാം കണ്ടുകഴിഞ്ഞു. നമ്മുടെ കർത്താവായ യേശുക്രിസ്തു നമുക്ക് രണ്ട് അടയാളങ്ങൾ തന്നു. തന്റെ മരണ അടക്ക പുനരുത്ഥാനവുമായി ബന്ധപ്പെട്ട സ്നാനവും, തന്റെ മരണത്തെ ഓർമ്മിപ്പിക്കുന്ന കർത്താവിന്റെ അത്താഴവും. 'എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്‌വിൻ' എന്നു അവൻ പറഞ്ഞപ്പോൾ നാം കീഴ്പ്പെടേണ്ട ഒരനുഷ്ഠാനമെന്നതിലുപരി നമ്മെ അനുഷ്ഠിക്കാൻ പ്രചോദിപ്പിക്കുന്ന ഒന്നായിട്ടാണതിരിക്കുന്നത്.

'നിങ്ങൾ കൂടിവരുമ്പോഴൊക്കെയും ചെയ്യണം' എന്നല്ലാതെ അപ്പം നുറുക്കലിനുള്ള പ്രത്യേക പ്രമാണങ്ങൾ ഒന്നും വചനത്തിൽ ലഭ്യമല്ല. കർത്തൃദിവസത്തിൽ അതു ശിഷ്യന്മാർ ചെയ്തിരുന്നുവെന്നു പ്രവൃത്തികളുടെ പുസ്തകത്തിൽ നിന്നും മനസ്സിലാക്കാം. ഇതു ഒരു ആഘോഷമായി ചെയ്യേണ്ടതല്ലെന്നു മാത്രമല്ല, അപ്പത്തിനുശേഷം വീഞ്ഞും ഉണ്ടായിരിക്കണം. കർത്താവ് നാം ചെയ്യണമെന്നാഗ്രഹിച്ചതുപോലെ, തന്റെ മരണത്തെ ഓർക്കുക എന്ന ഉദ്ദേശ്യത്തോടെ സഭയായി കൂടിവരണം. തന്റെ ആഗ്രഹം നമുക്കുള്ള കല്പനയെന്നു ചിന്തിക്കുന്നവർ, തന്റെ കല്പനയോടുള്ള അനുസരണമായി അപ്പം നുറുക്കലിനെ കാണണം. പാനപാത്രത്തോടുകൂടിയ അപ്പം നമ്മെ താൻ മരിച്ചു എന്ന യാഥാർത്ഥ്യത്തിലേക്കാണ് നയിക്കുന്നത്. അപ്പം വീഞ്ഞിൽ മുക്കിയാൽ, രക്തം ശരീരത്തിലുണ്ടെന്നു വരും. നാമധേയ ക്രൈസ്തവർ പറയുന്നതുപോലെ വീണ്ടെടുപ്പു സാദ്ധ്യമാകാത്ത ഒരു കൂദാശയായി അതു ശേഷിക്കും. കർത്താവു സ്ഥാപിച്ചതിനെ ഭൗതികമായി അവതരിപ്പിച്ചാലുണ്ടാകുന്ന ഫലമാണിത്. അങ്ങനെ അവർക്ക് അവരുടെ തിരുഓസ്തി ഒരു കൂദാശ മാത്രമായി ശേഷിക്കുന്നു. അതു വീണ്ടെടുപ്പിന്റെ ഓർമ്മയോ വീണ്ടെടുക്കുന്നതോ അല്ല. അതു ക്രിസ്ത്യാനിത്വത്തെ യഹൂദാമതത്തിന്റെ നിലയിലേക്ക് തരംതാഴ്ത്തുന്നു. അങ്ങനെ ക്രിസ്ത്യാനിത്വത്തെ യഹൂദാമതത്തിൽ പോലും കാണാത്തത്ര കൂദാശകളും ആചാരാനുഷ്ഠാനങ്ങളുമുള്ള ഒരു മതമാക്കി മാറ്റുന്നു.



1 കൊരി. 11:26ൽ; "നിങ്ങൾ കർത്താവിന്റെ മരണത്തെ പ്രസ്താവിക്കുന്നു" എന്നു വായിക്കുന്നു. യോഹന്നാൻ 6:53-54ൽ നാം വായിക്കുന്നത്; "ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; നിങ്ങൾ മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്കു ഉള്ളിൽ ജീവൻ ഇല്ല. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന്നു നിത്യജീവൻ ഉണ്ട്; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേൽപ്പിക്കും." ആദ്യകാല ക്രിസ്തീയ വിശ്വാസവീരരിൽ അഗസ്റ്റിൻ, ക്രിസ്റ്റോസ്റ്റം, സിറിൽ, തിയോഫിലോ, ലൂഥർ തുടങ്ങിയവർ യോഹന്നാൻ 6:51-59 വാക്യം കർത്തൃമേശയുടെ ബന്ധത്തിലുള്ളതെന്നു മനസ്സിലാക്കിയിരുന്നു.

യോഹ. 6:61ൽ നിന്നും തിന്നും കുടിയും ആലങ്കാരികവും ആത്മീകവുമായ പ്രയോഗങ്ങളാണെന്നും അതിന്റെ ഫലങ്ങൾ ഭൗതികമാണെന്നുമുള്ള നിഗമനത്തിൽ എത്താൻ സാധിക്കും. അതിന്റെ ഫലങ്ങൾ – നിത്യജീവൻ (6:54); 'ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേൽപ്പിക്കും (6:54), ക്രിസ്തുവിൽ വസിക്കുന്നു (6:56), എന്നേക്കും ജീവിക്കും (6:58). ആദാമിനു മരണം ആഹാരത്തിലൂടെ വന്നു. നിത്യജീവൻ ക്രിസ്തുവാകുന്ന ഉത്തമ ആഹാരത്തിലൂടെ കൈവരുന്നു. അങ്ങനെ ഉയിർത്തെഴുന്നേൽപ്പിന്റെ മഹത്വം വിശ്വാസിയുടെ ശരീരത്തിലേക്കു പകരപ്പെടുന്നു (6:55).

യോഹന്നാൻ ആറാമദ്ധ്യായത്തിൽ നമുക്ക് അല്പം കൂടി ശ്രദ്ധ ചെലുത്താം. 35, 41, 48, 51 വാക്യങ്ങളിൽ; 'ഞാൻ ജീവന്റെ അപ്പം ആകുന്നു.' 'ഞാൻ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്ന അപ്പം ആകുന്നു', 'സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിയ ജീവനുള്ള അപ്പം ആകുന്നു' എന്നിങ്ങനെയുള്ള കർത്തൃ പ്രസ്താവനകൾ കാണുവാൻ സാധിക്കുന്നു. മറ്റു വേദഭാഗങ്ങളിലും ഇതിനു സമാനമായ പ്രസ്താവനകൾ കാണാവുന്നതാണ്. "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു" (യോഹ. 8:12; 9:5), 'ഞാൻ ആടുകളുടെ വാതിൽ ആകുന്നു (യോഹ. 10:7, 9) 'ഞാൻ നല്ല ഇടയൻ ആകുന്നു" (10:11, 14); ഞാൻ പുനരുത്ഥാനവും ജീവനും ആകുന്നു" (11:25); "ഞാൻ തന്നേ വഴിയും, സത്യവും ജീവനും ആകുന്നു" (14:6), "ഞാൻ സാക്ഷാൽ മുന്തിരിവള്ളി ആകുന്നു" (15:1,5). യഹൂദന്മാരായ കേൾവിക്കാരോടുള്ള യേശുക്രിസ്തുവിന്റെ പ്രസ്താവനകളാണിവ. അതിനർത്ഥം യേശു പ്രകാശമായും നമ്മുടെ വീടുകളുടെ വാതിലായും ആട്ടിടയനായും തീരുന്നു എന്നാണോ? മുകളിൽ ചേർത്ത അലങ്കാര പ്രയോഗങ്ങളുടെ അർത്ഥം മനസ്സിലാക്കുന്നതുപോലെ തന്നെ 'എന്റെ മാംസം തിന്നുകയും രക്തം കുടിക്കുകയും" എന്ന പ്രയോഗത്തെയും നാം മനസ്സിലാക്കേണ്ടതുണ്ട്. യോഹന്നാൻ 6:51ൽ 'ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പം' എന്നു വായിക്കുന്നെങ്കിലും, പിന്നീടു എവിടെയും അതു ആവർത്തിക്കപ്പെട്ടിട്ടില്ല. എന്നാൽ 'തിന്നുകയും കുടിക്കുകയും' എന്ന വാക്കുകൾ ആവർത്തിച്ചു വരുന്നു. യോഹ. 6:54, 57 വാക്യങ്ങളിൽ 'തിന്നുക' എന്ന പ്രയോഗം കാണാം. തിന്നുക എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്കാണ് ട്രോഗോൺ (Trogon). കഷണങ്ങളായി നുറുക്കി തിന്നുക, അംശിയാകുക എന്നൊക്കെയാണ് ഈ വാക്കിന് അർത്ഥം. എന്നാൽ 6:53, 58 വാക്യങ്ങളിൽ തിന്നുക എന്നതിനുപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് ഫാഗോൺ (Fagon) എന്നാണ്. അതിനർത്ഥം തിന്നുക എന്നാണ്. ട്രോഗോൺ (കഷണങ്ങളാക്കി നുറുക്കി തിന്നുക) എന്ന വാക്കാണ് ശിഷ്യന്മാർക്ക് കഠിനമായി തോന്നിയത് (6:60). ഈ പ്രത്യേക പദപ്രയോഗമാണ് വേദവിദ്യാർത്ഥികളെ, ഈ വേദഭാഗം കർത്തൃമേശയെക്കുറിച്ചുള്ളതാണെന്ന നിഗമനത്തിലേക്കു നയിച്ചത്. എന്നാൽ കർത്തൃമേശ ആ സമയത്തു സ്ഥാപിച്ചിട്ടില്ലെന്ന കാര്യം നാം മറന്നുപോകുന്നു. യിസ്രായേൽ മക്കൾക്കു സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പം തിന്നുന്നതിനെക്കുറിച്ചറിയാം, കാരണം അവരുടെ പിതാക്കന്മാർ മരുഭൂമിയിൽ വെച്ച് സ്വർഗ്ഗീയ ഭോജ്യമായിരിക്കുന്ന മന്ന കഴിച്ചിരുന്നു. ആ വിഷയമാണ് യോഹന്നാൻ 6-ലെ പരാമർശങ്ങൾക്കു നിദാനം. തിന്നുകയും കുടിക്കുകയും ബന്ധപ്പെട്ടിരിക്കുന്നതു നിത്യജീവനോടും (6:54), ക്രിസ്തുവിലും ക്രിസ്തുവിനാലുമുള്ള അധിവാസവും (6:56), എന്നേക്കുമുള്ള ജീവിതവുമാണ് (6:58). നാം ക്രിസ്തുവിലും ക്രിസ്തു നമ്മിലും വസിക്കുന്നു എന്നതു യോഹ. 14:10, 16, 17; 15:14; 1 യോഹ. 2:6; 3:15, 17; 4:12, 13, 15 വാക്യങ്ങളിലും കാണാവുന്നതാണ്. ഗലാത്യർ 3:27, റോമർ 13:14 ഭാഗങ്ങളിൽ 'ക്രിസ്തുവിനെ ധരിച്ചു കൊൾവിൻ' എന്നു പറഞ്ഞിരിക്കുന്നതിനു സമാനമാണിത്. ഈ പ്രതിപാദ്യം കർത്തൃമേശയോടുള്ള ബന്ധത്തിലാണെന്ന ചിന്താഗതിയിൽ നിന്നും നമ്മെ പിന്തിരിപ്പിക്കും. മാംസം തിന്നുകയും രക്തം കുടിക്കുകയും ചെയ്യുന്നതു ആത്മികമാണെങ്കിലും അതിന്റെ ഫലം ഭൗതികമാണ് – 'ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേൽപ്പിക്കും' (6:54). ആദാമിനു മരണം മരത്തിൽ തൂങ്ങി നിന്ന പഴത്തിലൂടെ വന്നെങ്കിൽ, നിത്യജീവൻ മനുഷ്യനു അവൻ ക്രൂശിന്മേൽ തൂങ്ങി നിൽക്കുന്നതായി കണ്ട ക്രിസ്തുവിലൂടെ വരുന്നു. ശിഷ്യന്മാരൊഴികെ ആരും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ടില്ല. നമ്മുടെ കർത്താവായ യേശുക്രിസ്തു തന്റെ ശിഷ്യന്മാരുടെ ശരീരത്തിൽ പുന

രുത്ഥാനത്തിന്റെ സവിശേഷ ഗുണം ഉൾനട്ടു (6:55). യോഹ. 6:62ൽ, താൻ പറഞ്ഞ കാര്യങ്ങൾക്ക് ആത്മീക അർത്ഥം മാത്രമേയുള്ളു എന്ന് കർത്താവു പറഞ്ഞില്ല. അവൻ പറഞ്ഞത് 'കഠിനവാക്കായി' അനുഭവപ്പെട്ടവരെ അങ്ങനെ പോകാൻ അനുവദിച്ചു. 'ഞാൻ' (എഗോ (Ego)-ഗ്രീക്ക്) എന്നതിന്റെ പര്യായമാണ് മാംസവും രക്തവും. ഇതു തന്റെ ശാരീരിക വ്യക്തിത്വമായി നാം കാണണം. അങ്ങനെ അല്ലെങ്കിൽ, നമുക്കു തന്റെ മരണമല്ലാതെ ഉയർത്തെഴുന്നേൽപ്പ് കാണുവാൻ സാധിക്കില്ല. തന്റെ ശാരീരികമായ വ്യക്തിത്വത്തെ ഇവിടെ കാണാൻ കഴിയാത്തവരാണ് ഈ വാക്യത്തെ കർത്താവിന്റെ അത്താഴവുമായി ബന്ധിപ്പിക്കുന്നതു. കർത്താവിന്റെ മരണത്തെ കർത്താവിന്റെ വരവുവരെയും ഓർക്കുന്ന ശുശ്രൂഷയാണ് കർത്താവിന്റെ അത്താഴം (1 കൊരി. 11:26). യോഹ. 6:54ൽ പുനരുത്ഥാനത്തെ തന്റെ മാംസം തിന്നുന്നതിനോടും രക്തം കുടിക്കുന്നതിനോടും ബന്ധപ്പെടുത്തിയാണ് കർത്താവു പറഞ്ഞിരിക്കുന്നത്. ഈ പ്രധാന കാര്യം നാം പലപ്പോഴും കണ്ടില്ലെന്നു നടിക്കുന്നു. അങ്ങനെ അരുത്. കാരണം കർത്താവാണ് പറഞ്ഞത്.

തിന്നുകയും കുടിക്കുകയും എന്ന വിഷയത്തിലുള്ള വിചിന്തനത്തിൽ 1 കൊരി. 11:29 നാം കണക്കിലെടുക്കേണ്ടതുണ്ട്. അവിടെ നാം ഇങ്ങനെ വായിക്കുന്നു; "തിന്നുകയും കുടിക്കുകയും ചെയ്യു ന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കയും ചെയ്യുന്നു." അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുന്നവൻ കർത്താവിന്റെ ശരീരത്തെ വിവേചിക്കണമെന്നു കർത്താവ് ആഗ്രഹിക്കുന്നു. അല്ലെങ്കിൽ, അവൻ തനിക്കു തന്നെ ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു. കർത്താവിന്റെ അത്താഴത്തിങ്കൽ ഏതു ശരീരമാണ് നമുക്കു മുമ്പിലുള്ളത്? ക്രൂശിന്മേൽ മരിച്ചതും ഉയർത്തെഴുന്നേൽ ക്കുന്നതിനു മുമ്പുള്ളതുമായ കർത്തൃശരീരം. തന്റെ അനുസരണവും, നിറവേറിയ വേല യും പരിപൂർണ്ണമായ സ്നേഹവുമാണ് നമ്മുടെ മനസ്സിനെ ഭരിക്കേണ്ടത്. ഇവയെല്ലാം കർത്താ വിന്റെ മൃതശരീരത്തിൽ നാം ദർശിക്കുന്നു. ഇവയെ നാം തന്റെ മരണത്തിനു മുമ്പുള്ള ശരീരവുമായി ബന്ധിപ്പിക്കരുത്. മരിക്കുന്നതിനു മുമ്പു തന്റെ അനുസരണവും രക്ഷണ്യവേലയും സ്നേഹവും പൂർണ്ണമായിരുന്നില്ല. 'സകലതും നിവൃത്തിയായി' എന്നു പറഞ്ഞു തന്റെ ആത്മാവിനെ പിതൃകരങ്ങളിൽ ഏല്പിച്ചു, മരിച്ചു കഴിഞ്ഞപ്പോൾ മാത്രമാണ് ഇവ പൂർണ്ണമായത്. അതുപോലെ തന്നെ കർത്തൃമേശയെ പുനരുത്ഥാനം ചെയ്യപ്പെട്ടു, സ്വർഗ്ഗാരോഹണം ചെയ്തു പിതാവിന്റെ വലത്തു ഭാഗത്തിരിക്കുന്ന തന്റെ ശരീരവുമായി ബന്ധിപ്പിക്കാനും പാടില്ല. തന്റെ മരണമാണ് നമ്മുടെ രക്ഷയ്ക്ക് ആധാരം. മരണത്തോളം താൻ അനുസരണമുള്ളവനായിത്തീർന്നു എന്നതിന്റെ തെളിവാണത്. ഇതു പിതാവിനു മഹത്വം കരേറ്റലായിരുന്നു. "എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിനു ഞാൻ അതിനെ കൊടുക്കുന്നതു കൊണ്ട് പിതാവു എന്നെ സ്നേഹിക്കുന്നു" (യോഹ. 10:17). ക്രിസ്തുവിന്റെ മരണം ആദാം തലയായിരുന്ന ആദ്യ സൃഷ്ടിയുടെ അന്ത്യം കുറിക്കുകയും ക്രിസ്തു തലയായിരിക്കുന്ന പുതിയ സൃഷ്ടിയുടെ ആരംഭം കുറിക്കുകയും ചെയ്തു. (2 കൊരി. 5:17). ഈ യാഥാർത്ഥ്യം ഉൾക്കൊണ്ട് കർത്താവിന്റെ മരണത്തെ ഓർക്കുമ്പോൾ അതു നമ്മുടെ പ്രിയപ്പെട്ടവരെ ഓർക്കുന്നതിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒന്നായിത്തീരുന്നു. കർത്താവു തനിക്കു സ്വന്തമായവർക്കായി സ്ഥാപിച്ച ഓർമ്മയുടെ ശുശ്രൂഷയാണത്. ക്രൂശിൽ മരിച്ച യേശുവിനെ പരിശുദ്ധാത്മ ശക്തിയിൽ നാം അനുസ്മരിക്കണം. ആ പ്രവൃത്തിയുടെ സാഫല്യത നിത്യവും പൂർണ്ണവും തികവുള്ളതുമാണ്. ഈ ഓർമ്മയുടെ ശുശ്രൂഷയെ നാം ലാഘവ ബുദ്ധിയോടെ കാണുവാൻ പാടില്ല. അങ്ങനെ ചെയ്താൽ നാം അവന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരാകും.

ഇനി നാം കർത്താവിന്റെ മേശയുടെ ദ്വിതീയ വശത്തേക്കു വരുകയാണ്. 1 കൊരി. 10:17ൽ പറയുന്നതുപോലെ, കർത്താവിന്റെ ശരീരമാകുന്ന സഭയുടെ ഐക്യതയെയാണ് കർത്തൃമേശ ഓർമ്മിപ്പിക്കുന്നത്; "അപ്പം ഒന്നു ആകകൊണ്ടു പലരായ നാം ഒരു ശരീരം ആകുന്നു." 'ഒരു ശരീരം' എന്നതു മനസ്സിലാക്കണമെങ്കിൽ, മറ്റു ചില വേദഭാഗങ്ങൾ കൂടി നാം നോക്കേണ്ടതുണ്ട്. എഫെ. 2:16ൽ പരിച്ഛേദനക്കാരെയും അഗ്രചർമ്മക്കാരെയും 'ഏകശരീരത്തിൽ

ദൈവത്തോടു നിരപ്പിക്കുന്നതിനെക്കുറിച്ചു നാം വായിക്കുന്നു. "ക്രിസ്തുയേശു തന്നേ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പോസ്തോലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്നു കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു..." (എഫെ. 2:20-21). "...ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീക വർദ്ധനയ്ക്കും ആകുന്നു." (എഫെ. 4:12). "ശരീരം ഒന്നു, ആത്മാവ് ഒന്ന് (എഫെ. 4:4). "ശരീരം മുഴുവനും യുക്തമായി ചേർന്നും ഏകീഭവിച്ചും ഓരോ അംഗത്തിന്റെ അതതു വ്യാപാരത്തിനു ഒത്തവണ്ണം ഉതവി ലഭിപ്പാനുള്ള ഏതു സന്ധിയാലും സ്നേഹത്തിലുള്ള വർദ്ധനയ്ക്കായി അവനിൽ നിന്നു വളർച്ച പ്രാപിക്കുന്നു" (എഫെ 4:16). ക്രിസ്തു പണിയുന്ന സഭ (മത്തായി 16:18). 1 കൊരി. 10:17ൽ പറയുന്നതുപോലെ ഒരു ശരീരമാണെന്ന കാര്യം ഈ വാക്യങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. അനേകായിരം അംഗങ്ങളുള്ള ഈ ഏകശരീരം വിവിധങ്ങളായ കൃപാവരങ്ങളാൽ അനുഗ്രഹീതമാണ്. 1 കൊരി. 12ൽ ഈ കൃപാവരങ്ങളെക്കുറിച്ചു നാം വായിക്കുന്നു. തന്റെ ശരീരത്തെയും രക്തത്തെയും പ്രതിനിധാനം ചെയ്യുന്ന അപ്പ വീഞ്ഞുകളാകുന്ന കർത്താവിന്റെ അത്താഴത്തിൽ അംശികളാകുന്നവർ കർത്താവിന്റെ മേശയോടുള്ള ബന്ധത്തിൽ ഈ വരങ്ങളെ ഉപയോഗിക്കേണ്ടതാകുന്നു. "എന്നാൽ ഇതു എല്ലാം പ്രവർത്തിക്കുന്നതു താൻ ഇച്ഛിക്കും പോലെ അവനവന്നു അതതുവരം പകുത്തു കൊടുക്കുന്ന ഒരേ ആത്മാവു തന്നെ. ശരീരം ഒന്നും, അതിനു അവയവം പലതും, ശരീരത്തിന്റെ അവയവം പലതായിരിക്കെ എല്ലാം ഒരു ശരീരവും ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും" (1 കൊരി. 12:11, 12). തിരുവചനത്തിൽ, സഭകളുടെ ഏകീകരണത്തെക്കുറിച്ചു നാം കാണുന്നില്ല. എന്നാൽ കർത്താവിന്റെ ശരീരമാകുന്ന സഭയുടെ ഏകീഭാവത്തെക്കുറിച്ചു വായിക്കുന്നു. അതുകൊണ്ടാണ്, ക്രിസ്തുവും ആകുന്നു എന്ന് കാര്യ ഗൗരവത്തോടെ പറഞ്ഞിരിക്കുന്നത്. അവിടെ ഒരു സഭയും പള്ളിയും ഇല്ല. തുടർന്ന് റോമ. 12:4-6ൽ നാം വായിക്കുന്നത്; "ഒരു ശരീരത്തിൽ നമുക്കു പല അവയവങ്ങൾ ഉണ്ടല്ലോ; എല്ലാ അവയവങ്ങൾക്കും പ്രവൃത്തി ഒന്നല്ലതാനും; അതുപോലെ പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും തമ്മിൽ അവയവങ്ങളും ആകുന്നു. കൊലോ 2:19ൽ; "തലയായവനിൽ നിന്നല്ലോ ശരീരം മുഴുവൻ സന്ധികളാലും ഞരമ്പുകളാലും ചൈതന്യം ലഭിച്ചും ഏകീഭവിച്ചും ദൈവികമായ വളർച്ച പ്രാപിക്കുന്നു" എന്നു കാണുന്നു. തല ക്രിസ്തുവായിരിക്കുന്ന ശരീരമാകുന്ന സഭയാണിവിടത്തെ പ്രതിപാദ്യ വിഷയം. പരിശുദ്ധാത്മ സ്നാനത്താൽ വിശുദ്ധന്മാരുടെ ആത്മീക വർദ്ധനയ്ക്കായി ഈ വരങ്ങൾ നൽകപ്പെട്ടിരിക്കുന്നു. ക്രിസ്ത്യാനികൾ ഒരു സഭയിലെ (സഭാ വിഭാഗം) അംഗങ്ങളല്ല, മറിച്ച് ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ (എക്ലീസിയ) അംഗങ്ങളാണ്. ക്രിസ്തുവിന്റെ ശരീരത്തോടു അവയവങ്ങളായി അംഗങ്ങളെ ചേർക്കുന്നതു ദൈവമാണ്. അങ്ങനെ ചേർക്കപ്പെട്ട അംഗങ്ങൾ ഒന്നുചേർന്ന് ഏകശരീരമായി വർത്തിക്കുന്നു. ഈ ശരീരത്തിന്റെ ഏകീഭാവത്തിന്റെ ബാഹ്യപ്രകടനമാണ് കർത്താവിന്റെ മേശയിൽ ഒരു അപ്പത്തിൽ നിന്നും പാനപാത്രത്തിൽ നിന്നും അംശികളാകുന്നതിലൂടെ നാം ചെയ്യുന്നതും. സഭ ഭൂമിയിലായിരിക്കുമ്പോഴാണ് ഈ ഐക്യത വെളിപ്പെടുത്തുന്നത്. പരിശുദ്ധാത്മാവ് സഭകളുടെ ഐക്യത്തെക്കുറിച്ചു പഠിപ്പിക്കുന്നില്ല. എന്നാൽ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ ഐക്യതയ്ക്കു വളരെ പ്രാധാന്യം നൽകുന്നുണ്ട്. ഈ അടിസ്ഥാന വേദപുസ്തക സത്യത്തെ പരിത്യജിച്ച് സഭകളുടെ ഐക്യത്തിനു വേണ്ടിയുള്ള ശ്രമങ്ങളാണ് ക്രിസ്തീയ സമൂഹത്തിൽ അരങ്ങേറുന്നത്.

ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ ഐക്യത ദൈവിക പ്രമാണവും ഉപദേശവുമാണ്. സാത്താനും ഭൂതങ്ങൾക്കുമുള്ളതായ കാര്യങ്ങളിൽ നിന്നുള്ള പൂർണ്ണമായ ഒരു വേർപാട് ഇതു ആവശ്യപ്പെടുന്നു. ശരീരത്തിന്റെ ഐക്യത എന്നതു ഭൂതങ്ങൾക്കുള്ളതുകൂടി ഉൾക്കൊള്ളുവാനുള്ള ഒരു അനുവാദമല്ല. ക്രിസ്തുവിന്റെ ശരീരത്തിലുള്ള കൂട്ടായ്മയോടുള്ള ബന്ധത്തിൽ ഒരു മുന്നറിയിപ്പായി 1 കൊരി. 10ൽ ഇതു വെളിപ്പെടുത്തിയിട്ടുണ്ട്. കർത്താവിന്റെ മേശയിലും ഭൂതങ്ങളുടെ മേശയിലും പങ്കെടുക്കുന്നതു ദൈവിക ക്രോധത്തിനിടയാക്കും. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ അംഗങ്ങളാകുന്ന ഓരോ

വിശ്വാസിയും യഹൂദനും യവനനും ദൈവ സഭയ്ക്കും ഇടർച്ച വരുത്താതെ നോക്കണമെന്നു ദൈവാത്മാവ് പ്രബോധിപ്പിക്കുന്നു (1 കൊരി. 10:32).

അപ്പ വീഞ്ഞുകളിൽ അംശികളാകുന്നവരുടെ ഐക്യതയാണോ ഇവിടെ ഐക്യത എന്നുദ്ദേശിക്കുന്നത്? അല്ല എന്നാണ് ഉത്തരം. 'അതെ' എന്നു പറയുന്നവർ സ്വതന്ത്രസഭകളെ അനുകൂലിക്കുന്നവരാണ്. എന്നാൽ പരിശുദ്ധാത്മ പ്രേരിതനായി പൗലോസ് .ചെയ്യരുത്. ക്രിസ്തുയേശുവിൽ വിശുദ്ധരായവരും കൊരിന്ത്യയിലെ വിശ്വാസികളുമായവർ ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങൾ എന്ന നിലയിൽ വിഗ്രഹങ്ങളോടും ഭൂതങ്ങൾക്കുള്ളതിനോടും അകന്നു ജീവിക്കണമെന്നു ദൈവാത്മാവ് തന്റെ ദാസനിലൂടെ പ്രബോധിപ്പിക്കുന്നു. ക്രിസ്തീയ സഭയുടെ ഐക്യതയ്ക്കു വില കല്പിക്കാതെ സഭാവിഭാഗങ്ങളെ ഏകീകരിക്കാൻ ശ്രമിച്ചുകൊണ്ട് വചനത്തിന്റെ അതിർവരമ്പുകൾ മാറ്റിമറിക്കുന്ന പള്ളിക്കാരെ നാം ശ്രദ്ധയോടെ കൈകാര്യം ചെയ്യണം. ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങൾ പരസ്പരം അവയവങ്ങളാണ്. ക്രിസ്തുവിന്റെ ശരീരത്തിൽ ഒരാളെ ചേർക്കുന്നതിനുള്ള അധികാരം ഒരു സഭയ്ക്കുമില്ല. ഒരുവൻ പാപിയാണെന്ന ബോധ്യത്തോടെ ക്രൂശിങ്കൽ വരുമ്പോൾ അവനു പാപത്തെക്കുറിച്ചു ബോധം വരുത്തിക്കൊണ്ടും, മാനസാന്തരപ്പെടുമ്പോൾ, ആത്മസ്നാനം നൽകിക്കൊണ്ടും പരിശുദ്ധാത്മാവു ചെയ്യുന്ന പ്രവൃത്തിയാണത്.

ഈ വിഷയം അവസാനിപ്പിക്കും മുമ്പ്, കർത്താവിന്റെ അത്താഴത്തിൽ നാം തിന്നുന്ന അപ്പത്തിന്റെ സ്വഭാവം അഥവാ പ്രത്യേകതയെക്കുറിച്ച് ഒരു വാക്കു പറയുന്നതു യുക്തമായിരിക്കും. ഗോതമ്പുകൊണ്ടുണ്ടാക്കിയ അപ്പം എന്ന അർത്ഥമാണ് അർടോസ് (Artos) എന്ന ഗ്രീക്കു വാക്കിനുള്ളത്. "ഇതു പുളിപ്പുള്ളതാണോ ഇല്ലാത്തതാണോ?" എന്നു ചിലർ ചോദിക്കാറുണ്ട്. തിരുവെഴുത്തു ഈ വിഷയത്തിൽ നിശബ്ദമാണ്. പുളിപ്പില്ലാത്തതിനോടുള്ള ബന്ധത്തിൽ അസുമോസ് (Azumos) എന്ന വാക്കാണുപയോഗിച്ചിരിക്കുന്നത് (മത്താ. 26:17; മർക്കോസ് 14:1-12; ലൂക്കോ. 22:1, 7; പ്രവൃ. 12:3; 20:6; 1 കൊരി 5:7,8). കർത്താവിന്റെ അത്താഴത്തോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മാവ് അസുമോസ് എന്നുപയോഗിക്കാതെ അർടോസ് എന്ന വാക്കാണുപയോഗിച്ചത്. അതുകൊണ്ട്, പുളിപ്പുള്ളതോ ഇല്ലാത്തതോ എന്നതു ദൈവാത്മാവ് നമ്മുടെ തീരുമാനത്തിനു വിട്ടിരിക്കുകയാണ്. ഇതു ഒരുപദേശ വിഷയമല്ല. പഴയ നിയമത്തിൽ പുളിപ്പില്ലാത്തത് എന്നതിന് 'മട്സ്സാഹ്' (Matstsah) എന്ന എബ്രായ വാക്കാണുപയോഗിച്ചിരിക്കുന്നത്. കൂട്ടിക്കുഴച്ചത് എന്നാണിതിനർത്ഥം. (ഉൽപ. 19:3; പുറ. 12:8, 15, 17, 18,20; 13:6, 17 etc.) 'ലേഖേം' (Lechem) എന്നതാണ് അപ്പത്തിനുള്ള എബ്രായ പദം. ഭക്ഷണം, അപ്പം, ജീവദായകം എന്ന് അർത്ഥം വരുന്ന ഈ വാക്ക് ഉൽപത്തി 3:19; 14:18; 18:5; 21:14 തുടങ്ങിയ ഭാഗങ്ങളിൽ കാണാം. ദൈവത്തിനു മുമ്പിൽ വെച്ചിരുന്ന കാഴ്ചയപ്പത്തിന് എബ്രായ ഭാഷയിൽ 'ലേഖേം പനിം' (Lechem Panim) എന്ന വാക്കാണുപയോഗിച്ചിരിക്കുന്നത് (പുറ. 25:30; 35:13; 39:36 etc) പനിം എന്ന വാക്കിന് സന്നിധി, മുഖം എന്നൊക്കെയാണർത്ഥം. ഈ സന്ദർഭത്തിൽ ദൈവത്തിന്റെ സന്നിധിയിൽ എന്ന അർത്ഥത്തിലാണുപയോഗിച്ചിരിക്കുന്നത്. 'അർടോയ് ടെസ് പ്രോതെസിയോസ്' - Artoi Tes Protheseos എന്നതാണ് ഇതിന്റെ ഗ്രീക്ക് രൂപം. വേർതിരിക്കപ്പെട്ട അപ്പം എന്നാണതിനർത്ഥം. മത്താ. 12:4; മർക്കോ. 2:26, ലൂക്കോ 6:4 ഭാഗങ്ങളിൽ ഈ പ്രയോഗം കാണാം. ഇതിന്റെ മറ്റൊരു രൂപം എബ്രാ. 9:2ൽ കാണാം. 'പ്രോതെസിസ് ടോൺ അർടോൺ' (Prothesis Ton Arton), അപ്പത്തെ വേർതിരിക്കുക എന്ന അർത്ഥത്തിലും ഉപയോഗിച്ചു. രണ്ടു പ്രയോഗങ്ങളും അർടോസിനോടുള്ള ബന്ധത്തിലാണ് അസുമോസിനോടുള്ള ബന്ധത്തിലല്ല. ഇതിൽ നിന്നും 'ലേഖേം' എന്ന എബ്രായ പദം പുളിപ്പുള്ളതോ ഇല്ലാത്തതോ ആയ അപ്പത്തെയാകാം വിവക്ഷിക്കുന്നത് എന്ന നിഗമനത്തിൽ നമുക്കെത്താം. വീണ്ടും ലേവ്യ. 23:17ൽ നിരാജനത്തിന്റെ കറ്റകൊണ്ടുവന്ന ദിവസം മുതൽ അമ്പതാമത്തെ ദിവസം ദൈവസന്നിധിയിൽ നിരാജനമായി കൊണ്ടുവരുന്ന രണ്ടപ്പത്തെക്കുറിച്ചു വായിക്കുന്നു. ഇവിടെയും അപ്പത്തിനു 'ലേഖേം' എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. അവരുടെ കൊയ്ത്തിന്റെ ആദ്യഫലക്കറ്റ ശബത്തിനു പിറ്റെന്നാൾ അതായത് ആഴ്ചവട്ട

ത്തിന്റെ ഒന്നാംനാൾ - ഉയിർപ്പിന്റെ ദിനം - ആണ് നീരാജനമായി ദൈവസന്നിധിയിൽ കൊണ്ടുവരുന്നത്. അന്നു തുടങ്ങി അമ്പതു ദിവസം എണ്ണിവരുമ്പോൾ അതും ആഴ്ചവട്ടത്തിന്റെ ഒന്നാം നാളാണ്. നാം അതിനെ പെന്തക്കോസ്തുനാൾ എന്നു വിളിക്കുന്നു. അന്നാണ് യഹൂദനും യവനനും ക്രിസ്തുവിന്റെ ശരീരമായി ഒന്നായി ചേർക്കപ്പെട്ടത്. യഹൂദന്മാരും യവനന്മാരും ഒരുപോലെ ദുഷിച്ചവരും പുളിപ്പുള്ളവരുമായി. എന്നാൽ ദൈവം തന്റെ പ്രിയനായവനിൽ നമ്മെ ക്രിസ്ത്യാനികളെന്ന നിലയിൽ അംഗീകരിച്ചു. കാരണം മരിച്ചവരിൽ നിന്നുള്ള ആദ്യഫലമായി ക്രിസ്തു അതിനു 50 ദിവസം മുമ്പു ദൈവസന്നിധിയിൽ നീരാജനം ചെയ്യപ്പെട്ടു. അതുമാത്രമല്ല, പുളിപ്പുള്ള അപ്പത്തിനു പുറ. 12:15; 13:3; 7; 23:18 എന്നീ ഭാഗങ്ങളിൽ ചാമെറ്റ്സ് (Chamets) എന്ന പ്രത്യേക വാക്കുപയോഗിച്ചിട്ടുണ്ട്. കാഴ്ചയപ്പത്തോടുള്ള ബന്ധത്തിൽ ഈ വാക്കല്ല ഉപയോഗിച്ചിരിക്കുന്നത്. കാഴ്ചയപ്പത്തോടുള്ള ബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്ന 'ലേഖേം' എന്ന എബ്രായ വാക്കും 'അർടോസ്' എന്ന ഗ്രീക്കു വാക്കും കർത്താവിന്റെ അത്താഴത്തിൽ പുളിപ്പുള്ളതോ ഇല്ലാത്തതോ ആയ അപ്പത്തെ നിർബന്ധ ഉപദേശമായി നൽകിയിട്ടില്ല എന്ന സത്യമാണ് വെളിപ്പെടുത്തുന്നത്.

കർത്താവിന്റെ മേശയ്ക്കു ചുറ്റും സഹോദരന്മാർ എന്ന നിലയിൽ നാം കൂടിവരുന്നു എങ്കിലും, ക്രിസ്തുവിന്റെ ശരീരത്തിലുള്ള ഐക്യതയിൽ നാം അപ്പ വീഞ്ഞുകളിൽ അംശികളാകുന്നു. ❑

---


# മലയാളികൾക്കൊരു സന്തോഷവാർത്ത

ബൈബിൾ സ്കൂളിൽ ചേർന്നു പഠിക്കാൻ സാധിക്കാത്തവരും അതേസമയം ദൈവശാസ്ത്രം മലയാളത്തിൽ പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്കുമായി ബ്രദറൺ റിസർച്ച് ഗ്രൂപ്പ് തയ്യാർ ചെയ്യുന്ന പാഠ്യപദ്ധതിയിൻ പ്രകാരം മലയാളത്തിൽ ബി.റ്റി.എച്ചും, എം.ബി.എസും ചെയ്യാം. ഇന്റർനെറ്റിൽ നിന്നും പാഠപുസ്തകങ്ങൾ ഡൗൺലോഡ് ചെയ്ത് പഠിക്കാം. കോഴ്സ് തികച്ചും സൗജന്യം. വീട്ടിലിരുന്ന് സ്വന്തം സമയക്രമീകരണത്താൽ ദൈവശാസ്ത്രം പഠിക്കാൻ ഒരു സുവർണ്ണാവസരം.

**അസംബ്ലി ബൈബിൾ സ്കൂൾ**
പ്രിൻസിപ്പാൾ - ഡോ. ജോൺസൺ സി. ഫിലിപ്പ്
ഡീൻ - ഡോ. സനീഷ് ചെറിയാൻ

ഇന്നു തന്നെ സന്ദർശിക്കുക.

http: //ABS.Itz4u.com